**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 3822

12/12/2018 ൽ മറുപടിക്ക്

**ഒഴിവുകൾ യഥാസമയം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി**

| ചോദ്യം<br>**ശ്രീ.കെ.സി.ജോസഫ്** | ഉത്തരം<br>**പിണറായി വിജയൻ**<br>**( മുഖ്യമന്ത്രി)** |
|---|---|
| (എ) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ വിജിലൻസ് സെൽ സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ വിവിധ സർക്കാർ ഓഫീസുകളിൽ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാതെ പൂഴ്ത്തിവച്ചതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ജീവനക്കാർ വിരമിക്കുന്നതുമൂലം ഉണ്ടാകുന്ന ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും യഥാസമയം പി.എസ്.സി യെ അറിയിക്കണമെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും കർശന നിർദ്ദേശം നൽകി വരുന്നുണ്ടെങ്കിലും ചില സർക്കാർ ഓഫീസുകളിൽ ഒഴിവുകൾ യഥാസമയം പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നില്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത്തരം ഒഴിവുകൾ റിപ്പോർട്ട് ചെയ്യിക്കുന്നതിലേക്കായി 2016 ഡിസംബർ, 2018 ജനുവരി, 2018 മാർച്ച്, 2018 ജൂൺ എന്നീ മാസങ്ങളിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും പ്രധാന ആഫീസുകളിലും ഡയറക്ടറേറ്റുകളിലും അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ പരിശോധന നടത്തുകയും ടി കാലയളവിൽ നിലവിലുണ്ടായിരുന്ന ഒഴിവുകൾ പി.എസ്.സി യിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഒഴിവുകൾ യഥാസമയം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തിയ വകുപ്പ് മേധാവികൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാൻ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് കാലാകാലം നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഭരണവകുപ്പുകളോട് ശുപാർശ ചെയ്യുന്നതാണ്. |

| | |
|---|---|
| (സി) ഒഴിവുകൾ ഓൺലൈനിൽ അറിയിക്കുവാനുള്ള വരം എന്ന സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ടോ; അതിലൂടെ ഒഴിവുകൾ പി.എസ്.സിക്ക് കാലവിളംബം കൂടാതെ റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ? | (സി) പി.എസ്.സി മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ കൃത്യതയും പുരോഗതിയും വിലയിരുത്തുന്നതിനായി വികസിപ്പിച്ച VARAM (Vacancy Arising Reporting and Monitoring System) എന്ന സോഫ്റ്റ് വെയർ മുഖേന പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ വിശദാംശങ്ങൾ സർക്കാരിനെ അറിയിക്കാൻ നിർദ്ദേശം നൽകിയിരുന്നു. പി.എസ്.സി വികസിപ്പിച്ചെടുത്ത ഇ-വേക്കൻസി സോഫ്റ്റ് വെയർ മുഖേന ഒഴിവുകൾ ഓൺലൈനായി പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുവാനും എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഒഴിവുകൾ പി.എസ്.സി യുടെ ഇ-വേക്കൻസി സോഫ്റ്റ് വെയർ മുഖേന പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ